


യുവതീ യുവാക്കളുടെ ശാക്തീകരണം മുൻനിർത്തി
സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കാവസ്ഥ നേരിടുന്ന
ഓരോ പ്രദേശത്തിന്റെയും സാധ്യതക്കനുസരിച്ച്
കലാ-കായിക പരിശീലന പദ്ധതികൾ
സാംസ്ക്കാരിക പരിപാടികൾ
തൊഴിൽ സംരംഭകത്വ പരിശീലന പരിപാടികൾ
പാരമ്പര്യ കലകളുടെയും ഗോത്രകലകളുടെയും പ്രോത്സാഹനം
വിദ്യാഭ്യാസ മേഖലയിൽ പ്രതിഭ തെളിയിക്കുന്നവർക്കുള്ള
പിൻതുണയും പ്രോത്സാഹനവും
കാലാ-കായിക-സാംസ്കാരിക പദ്ധതികൾക്ക്
പ്രോത്സാഹനം നൽകുന്നതിന് ധനസഹായം നൽകൽ
തുടങ്ങിയവയാണ് യുവത ക്ലബ്ബ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

* യുവ ക്ലബ്ബിലെ അംഗങ്ങൾ 35 വയസ്സിൽ താഴെയുള്ളവരായിരിക്കണം.
* യുവ ക്ലബ്ബുകൾ രൂപീകരിച്ചതിനു ശേഷം ബോർഡിന്റെ നേതൃത്വത്തിൽ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നു.
* സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയിലുള്ള പ്രദേശങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്.
* ക്ലബ്ബുകളുടെ രൂപീകരണത്തിന് യുവജനക്ഷേമ ബോർഡിന്റെ അതാത് ജില്ലായുവജനകേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്.
* 3 വർഷംകൊണ്ട് സംസ്ഥാനത്താകെ 1000 യുവ ക്ലബ്ബുകൾ രൂപീകരിക്കാനാണ് ലക്ഷ്യമിടുന്നത്.
* 2017-18 വർഷം ഒരു ജില്ലയിൽ 25 ക്ലബ്ബുകൾ എന്ന രീതിയിൽ 350 ക്ലബ്ബുകൾക്ക് രൂപം നൽകും.
* ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന പദ്ധതി നടപ്പിലാക്കും.
* ബോർഡ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതികളിൽ ക്ലബ്ബുകളുടെ പൂർണ്ണ സഹകരണം ഉണ്ടാകുന്ന തരത്തിലായിരിക്കണം ബൈലാ തയ്യാറാക്കേണ്ടത്.
* ബോർഡ് നടപ്പാക്കുന്ന കേരളോത്സവം തുടങ്ങിയ മറ്റ് പരിപാടികളിൽ ഈ ക്ലബ്ബുകളുടെ പങ്കാളിത്തം ഉണ്ടാകേണ്ടതാണ്.
* യുവജനക്ഷേമ ബോർഡിന്റെ പഞ്ചായത്ത് കോ-ഓർഡിനേറ്ററുമായി ബന്ധപ്പെടുത്തി പ്രാദേശികമായി ക്ലബ്ബ് രൂപീകരിക്കാവുന്നതാണ്.